
APRIL 2024

ISSUE 4

NEWSLETTER

SOUTHIST VOX

KNANAYA CATHOLIC REGION OF NORTH AMERICA



EDITORIAL BOARD

FR. BINS CETHALIL

FR. LIJO KOCHUPARAMBIL

FR. JOBY PUCHUKANDATHIL

FR. JOSEPH THACHARA

FR. JOSHY VALIYAVEETIL

CHICAGO FORANE

SACRED HEART KNANAYA CATHOLIC FORANE PARISH, CHICAGO













പ്രൗഢഗംഭീരമായ വനിതാദിനമൊരുക്കി തിരുഹൃദയ ഇടവക

ചിക്കാഗോ തിരുഹൃദയ ക്നാനായ കത്തോലിക്ക ഇടവക വിമൺസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടന്ന വനിതാദിനാഘോഷം ഏവരെയും അത്ഭുതപ്പെടുത്തി. വി. ബലിയർപ്പണത്തിന് ശേഷം സ്ത്രീകളിൽ അനുഗ്രഹീതയായ പരി. കന്യകാമറിയത്തിൻറ സന്നിധിയിൽ എല്ലാം വനിതകളും പുഷ്പങ്ങൾ സമർപ്പിച്ചു. തുടർന്ന് ഇടവകയിലെ ഏറ്റവും മുതിർന്ന വനിതയായ മറിയാമ്മ കളപ്പുരകരോട്ടിനെ പ്രത്യേകം ആദരിച്ചു. തുടർന്ന് പെൺകുട്ടികൾ എല്ലാവരും ചേർന്ന് മാതാവിന് കിരീടം സമർപ്പിച്ചു. സേനാപതി പള്ളി വികാരി ഫാ. റ്റിനേഷ് പീണർക്കയിൽ എല്ലാം വനിതകൾക്കും പ്രത്യേകം ക്ലാസ്സ് നടത്തി. നൂറുകണക്കിന് വനിതകളുടെ സാന്നിധ്യം വനിതാദിനാഘോത്തെകൂടുതൽ മോടി പിടിപ്പിച്ചു







TEEN MINISTRY @



FEED MY STARVING CHILDREN



LAST SUNDAY IN MAYWOOD













RECONSECRATION OF OUR NEW CHURCH




















RESERVED FOR







Congratulations!

A Huge thank you to Manesh Illimoottil for designing our new church logo, which was inaugurated by Mar Jacob Angadiath!











Feast of St. Joseph







SACRED HEART KNANAYA CATHOLIC FORANE PARISH

PALM SUNDAY SERVICES
















MAUNDY
Thursday









good friday










HAPPY
Easter


















SOLO
Heavyweight Spoons







Happy
EASTER


Easter
Bunnies
Carrots









ST. MARY'S KNANAYA CATHOLIC PARISH, CHICAGO

ചിക്കാഗോ സെന്റ് മേരീസിൽ വിശുദ്ധവാരത്തിന് ഭക്തിനിർഭരമായ സമാപനം

ചിക്കാഗോ: ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ ഓശാന ആചാരണത്തോടെ ആരംഭിച്ച വിശുദ്ധവാരത്തിന് ആയിരക്കണക്കിന് ഭക്തജനങ്ങൾ പങ്കെടുത്ത ഈസ്റ്റർ തിരുക്കർമ്മങ്ങളോടെ ഭക്തിനിർഭരമായ സമാപനം. വികാരി. ഫാ. സിജു മുടക്കോടിലിന്റെ മുഖ്യ കാർമികത്വത്തിൽ നടത്തപ്പെട്ട ഓശാന ആചരണത്തോടെ സെന്റ് മേരീസ് ഇടവകയിൽ മൂന്നു കുർബ്ബാനകളിലും കുരുത്തോല വിതരണം ചെയ്തുകൊണ്ടാണ് അൻപത് നോമ്പിന്റെ സമാപനമായ വിശുദ്ധവാരത്തിലേക്ക് കടന്നത്. ക്രിസ്തുവിന്റെ ആഘോഷപൂർവ്വമായ ജറുസലേം പ്രവേശനത്തിന്റെ ഭാഗമായി പ്രദിക്ഷണവും ആഘോഷപൂർവ്വമായ ദിവ്യബലിയും ഓശാന ആചാരണത്തെ ധന്യമാക്കിയെങ്കിൽ, ചെറുപുഷ്പ മിഷൻ ലീഗിന്റെ അംഗങ്ങളുടെ കാലുകഴുകികൊണ്ടാണ് പെസഹാ വ്യാഴത്തിലെ തിരുക്കർമങ്ങൾ നടത്തപ്പെട്ടത്. വികാരി ഫാ. സിജു മുടക്കോടിൽ തിരുക്കർമ്മങ്ങൾക്ക് മുഖ്യ മാർമ്മികത്വം വഹിച്ചു.

ദുഖവെള്ളിയാഴ്ചയിലെ തിരുക്കർമ്മങ്ങൾ യുവജനങ്ങൾക്കായി ഇഗ്ളീഷിലും, മറ്റുള്ളവർക്കായി മലയാളത്തിലും പ്രത്യേകമായി നടത്തപ്പെടുകയുണ്ടായി. നൂറു കണക്കിന് യുവജനങ്ങളും മുതിർന്നവരും ദുഖവെള്ളിയാഴ്ചയിലെ തിരുക്കർമ്മങ്ങളിലും, തിരുക്കർമ്മങ്ങൾക്ക് ശേഷമുള്ള കഞ്ഞിനേർച്ചയിലും ഭക്തിപൂർവ്വം പങ്കെടുത്തു. ക്നാനായ റീജിയൻ വികാരി ജനറാൾ മോൺസിഞ്ഞോർ തോമസ് മുളവനാൽ ദുഖവെള്ളിയാഴ്ചത്തെ കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ സന്ദേശം നൽകി.

ദുഃഖശനിയാഴ്ച രാവിലെ പുത്തെൻവെള്ളവും തിരികളും വെഞ്ചിരിക്കുകയും മാമോദീസാവ്യതനവീകരണം നടത്തുകയും ചെയ്തു. വൈകിട്ട് അഞ്ചുമണിക്ക് യുവജനങ്ങൾക്കായി ഇഗ്ളീഷിലും ഏഴുമണിക്ക് മുതിർന്നവർക്കായി മലയാളത്തിലും പ്രത്യേകം ഈസ്റ്റർ വിജിൽ തിരുക്കർമ്മങ്ങൾ നടത്തപ്പെട്ടു. ഹോളി ചൈൽഡ്ഹുഡ് മിനിസ്ട്രി ഈസ്റ്റർ പ്രദിക്ഷണത്തിൽ പങ്കെടുത്തു. വികാരി ഫാ. സിജു മുടക്കോടിൽ തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമികത്വം വഹിച്ചു. അസിസ്റ്റന്റ് വികാരി ഫാ. ജോഷി വലിയവീട്ടിൽ സന്ദേശം നൽകി. പാരിഷ് സെക്രട്ടറി സിസ്റ്റർ സിൽവേരിയസിന്റെ നേതൃത്വത്തിലുള്ള വിസിറ്റേഷൻ സന്യാസ സമൂഹാംഗങ്ങൾ കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ജോർജ്ജ് മറ്റത്തിൽപ്പറമ്പിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, നിബിൻ വെട്ടിക്കാട്ടിൽ എന്നിവരോടൊപ്പം വിശുദ്ധവാരത്തിന് നേതൃത്വം നൽകി.

ഒരുക്കത്തോടെയും ഭക്തിയോടെയും വിശുദ്ധവാരകർമ്മങ്ങളിൽ പങ്കെടുത്തവർക്കും, വിശുദ്ധ വാരത്തിന്റെ ഭക്തിപൂർവ്വമായ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കിയവർക്കും നന്ദി അറിയിക്കുയന്നതായി ഇടവകയ്ക്ക് വേണ്ടി ഫാ. സിജു മുടക്കോടിൽ അറിയിച്ചു.


Period of Lent


Period of Lent


Period of Lent



ചിക്കാഗോ സെന്റ് മേരീസിൽ അനുഗ്രഹവർഷമായി നോമ്പുകാല വാർഷിക ധ്യാനം

ചിക്കാഗോ: ചിക്കാഗോ സെന്റ് മേരീസ് ക്നാനായ ഇടവകയിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ട് നോമ്പുകാല വാർഷിക ധ്യാനം പര്യവസാനിച്ചു. നാല് ദിവസങ്ങൾ നീണ്ടു നിന്ന ധ്യാനത്തിന്റെ ഭാഗമായി മുതിർന്നവർക്കും കുട്ടികൾക്കുമായി രണ്ടു വിഭാഗങ്ങളിലായാണ് ധ്യാനം നടത്തപ്പെട്ടത്. മുതിർന്നവർക്കായി നടത്തപ്പെട്ട ധ്യാനത്തിന് വിൻസൻഷ്യൻ കോൺഗ്രിഗേഷന്റെ ഗ്ലോബൽ ഇവാഞ്ചലൈസേഷൻ ഡയറക്ടറും കൗൺസലർ ജെനറാളുമായ ഫാ. അഗസ്റ്റിൻ മുണ്ടൻകാട്ട് നേതൃത്വം നൽകി. മാർച്ച് 7 വ്യാഴാഴ്ച വിശുദ്ധ കുർബ്ബാനയോടു കൂടി ആരംഭിച്ച ധ്യാന പരിപാടികൾ മാർച്ച് 10 ഞായറാഴ്ച വൈകുന്നേരം നടത്തപ്പെട്ട ദിവ്യകാരുണ്യ പ്രദിക്ഷണത്തോടുകൂടിയുള്ള ആരാധനയോടെയാണ് സമാപിച്ചത്. ബ്രദർ വി.ഡി. രാജു ഗാനശുശ്രൂഷക്ക് നേതൃത്വം നൽകി. മാർച്ച് 9 ശനിയാഴ്ചയും മാർച്ച് 10 ഞായറാഴ്ചയുമായി നടത്തപ്പെട്ട കുട്ടികൾക്ക് വേണ്ടിയുള്ള ധ്യാനത്തിന് സി എം സി സിസ്റ്റേഴ്സാണ് നേതൃത്വം നൽകിയത്. പ്രായമാനുസരിച്ചു വിവിധ ഗ്രൂപ്പുകളായി തിരിച്ച് വൈവിധ്യമാർന്ന പരിപാടികളോടെ നടത്തപ്പെട്ട കുട്ടികളുടെ ധ്യാനത്തിൽ ഇടവകയുടെ മതബോധനസ്കൂളിലെ കുട്ടികൾ ഏതാണ്ട് പൂർണമായും പങ്കുചേർന്നു. ഇടവക വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ, പാരിഷ് സെക്രട്ടറി സി. സിൽവേറിയസ്, ട്രസ്റ്റി കോർഡിനേറ്റർ സാബു കട്ടപ്പുറം, കൈക്കാരന്മാരായ ബിനു പൂത്തുറ, ജോർജ്ജ് മാറ്റത്തിപ്പറമ്പിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, നിബിൻ വെട്ടിക്കാട്ടിൽ, സജി പൂതൃക്കയിലിന്റെയും മനീഷ് കൈമൂലയിലിന്റെയും ബിനു എടകരയുടെയും നേതൃത്വത്തിലുള്ള മതബോധന സ്കൂൾ അധ്യാപകർ, വിസിറ്റേഷൻ കോൺഗ്രിഗേഷനിലെ സിസ്റ്റേഴ്സ് എന്നിവർ നോമ്പുകാല ധ്യാനത്തിന് നേതൃത്വം നൽകി.



ചിക്കാഗോ സെന്റ് മേരീസിൽ വി. യൗസേപ്പിന്റെ തിരുനാൾ ഭക്ത്യാദരപൂർവ്വം ആഘോഷിച്ചു.

ചിക്കാഗോ: ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ വി. യൗസേപ്പിന്റെ തിരുനാൾ ഭക്ത്യാദരപൂർവ്വം ആഘോഷിച്ചു. ഫാ. ജോഷി വലിയവീട്ടിലിന്റെ കാർമികത്വത്തിൽ നടത്തപ്പെട്ട ദിവ്യബലിയോടും പ്രത്യേക നൊവേനയോടും കൂടിയാണ് തിരുനാളാഘോഷങ്ങൾ നടത്തപ്പെട്ടത്. തിരുക്കർമ്മങ്ങൾക്ക് ശേഷം ഇടവകയിൽ ജോസഫ് നാമധാരികളെ പ്രത്യേകം അനുഗ്രഹിക്കുകയും, തിരുനാൾ പ്രസുദേന്തിമാരായി കടന്നുവന്ന കുടുംബങ്ങൾക്ക് വി. യൗസേപ്പിന്റെ ചിത്രങ്ങൾ വെഞ്ചിരിച്ച് ഉപഹാരമായി നൽകുകയും ചെയ്തു. കഴുന്നെടുത്ത് പ്രാർത്ഥിക്കുവാനും പാച്ചോർ നേർച്ചയിൽ പങ്കെടുക്കുവാനും തിരുനാളിന്റെ ഭാഗമായി സൗകര്യങ്ങൾ ഒരുക്കിയിരുന്നു. തിരുനാൾ കർമ്മങ്ങൾക്ക് വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ, സെക്രട്ടറി സി. സിൽവേറിയസ് എന്നിവരോടൊപ്പം കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ജോർജ്ജ് മറ്റത്തിൽപ്പറമ്പിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, നിബിൻ വെട്ടിക്കാട്ടിൽ എന്നിവർ നേതൃത്വം നൽകി.









ST. MARY'S KNANAYA CATHOLIC PARISH, DETROIT

ഡിട്രോയിറ്റ് സെ.മേരീസ് ക്നാനായ കത്തോലിക്ക ഇടവകയിൽ വാർഷിക ധ്യാനം നടത്തപ്പെട്ടു .



ഡിട്രോയിറ്റ് സെ.മേരീസ് ക്നാനായ കത്തോലിക്ക:
ഇടവകയിൽ വാർഷിക ധ്യാനം മാർച്ച് 15,16,17 എന്നീ തീയതികളിൽ നടത്തപ്പെട്ടു . ധ്യാനം നയിച്ചത് റെവ. ഫാ . മാത്യൂ ആശാരിപ്പറമ്പിൽ ആയിരുന്നു ,ഗാന ശുശ്രൂഷ -ഷൈജൻ വടക്കൻ .സൺഡേ സ്കൂൾ കുട്ടികൾക്കായി നടത്തിയ ധ്യാനം നയിച്ചത് റെവ .ഫാ .ആന്റണി ജൂലിയസ് OFM CAP ,അനിലേഷ് പാനികുളങ്ങര ,റ്റിയ ജിജോ എന്നിവരായിരുന്നു . ഇടവക വികാരി റെവ. ഫാ . ജോസെഫ് തറയ്ക്കൽ ,കൈക്കാരന്മാരായ സെബാസ്റ്റ്യൻ വഞ്ചിത്താനത്ത് ,സേവ്യർ തോട്ടം എന്നിവരോടൊപ്പം പാരീഷ് കൗൺസിൽ അംഗങ്ങൾ ധ്യാനത്തിന്റെ വിജയത്തിനായി പ്രവർത്തിച്ചു .



ഡിട്രോയിറ്റ് സെ.മേരീസ് ക്നാനായ കത്തോലിക്ക ഇടവകയിൽ ഹോളി ചൈൽഡ് ഹുഡ് മിനിസ്ട്രി ഉദ്ഘാടനം ചെയ്തു .ഫിലിപ്സൺ താന്നിച്ചുവട്ടിൽ സൗമി അച്ചിറത്തലെയ്ക്കൽ എന്നിവരാണ് കോർഡിനേറ്റേഴ്സ് .














ഡിട്രോയിറ്റ് സെ.മേരീസ് ക്നാനായ കത്തോലിക്ക ഇടവകയിലെ വിശുദ്ധവാര തിരുക്കർമ്മങ്ങൾ .

HOUSTON FORANE



ST. MARY'S KNANAYA CATHOLIC FORANE PARISH, HOUSTON





HOLY CHILDHOOD MINISTRY MOVIE NIGHT AT SMKCFC, HOUSTON



LENTEN REFLECTION FROM THE CML TEAM FROM PALM SUNDAY TO EASTER SUNDAY





MD ANDERSON SEMINAR ON TOBACCO AND SUBSTANCE ABUSE FOR TEENAGERS AND MIDDLE SCHOOLERS.





ANNUAL CCD RETREAT HELD AT CHURCH





ANNUAL LENTEN RETREAT HELD AT CHURCH





MONTHLY TEEN ZONE BY KNANAYA CATHOLIC TEEN MINISTRY



SUMMER CLOTH DRIVE CONDUCTED BY KNANAYA CATHOLIC YOUTH MINISTRY





SENIOR CITIZENS MONTHLY GATHERING

















HOLY WEEK SERVICE AT SMKCFC, HOUSTON

CHRIST THE KING KNANAYA CATHOLIC PARISH, DALLAS



















HOLY WEEK LITURGIES

NEW YORK FORANE



ST. STEPHEN'S KNANAYA CATHOLIC FORANE PARISH, HEAMPSTEAD

HOLY WEEK LITURGIES









LENTEN RETREAT









ST. JOSEPH FEAST





APRIL 2024 SOUTHIST VOX ISSUE 4

CHRIST THE KING KNANAYA CATHOLIC PARISH, NEW JERSEY











ST. JOHN NEUMANN MISSION, PHILADELPHIA









HOLY WEEK LITURGIES

UPCOMING EVENTS

PRE-MARRIAGE COURSE



FRIDAY, APRIL 26, 2024 (4.00 PM) TO SUNDAY APRIL 28, 2024 (1.00 PM) AT ST. MARY'S KNANAYA CATHOLIC CHURCH, MOTON GROVE, IL

FRIDAY, MAY 10, 2024 (4.00 PM) TO SUNDAY MAY 12, 2024 (1.00 PM) AT ST. MARY'S KNANAYA CATHOLIC CHURCH, HOUSTON, TX





FRIDAY, JULY 12, 2024 (4.00 PM) TO SUNDAY JULY 14, 2024 (1.00 PM) AT SACRED HEART KNANAYA CATHOLIC CHURCH, TAMPA, FL

FRIDAY, SEPTEMBER 20 2024 (4.00 PM) TO SUNDAY SEPTEMBER 22, 2024 (1.00 PM) AT ST. MARY'S KNANAYA CATHOLIC CHURCH, ROCKLAND, NY





FRIDAY, DECEMBER 06, 2024 (4.00 PM) TO SUNDAY DECEMBER 08, 2024 (1.00 PM) AT SACRED HEART KNANAYA CATHOLIC CHURCH, BENSENVILLE, IL

FOR REGISTRATION CONTACT : TONY PULLAPALLIL :(630) 205-5078

KNANAYA CATHOLIC YOUTH MINISTRY, U.S.A

THE KNANAYA CATHOLIC YOUTH MINISTRY U.S.A. IS CONDUCTING REDISCOVER 2025 IN CHICAGO. MORE INFORMATION WILL FOLLOW. IT WILL BE IN THE MONTH OF JUNE 2025

REDISCOVER

CHERUPUSPAM MISSION LEAGUE

ക്നാനായ റീജിയണൽ മിഷൻ ലീഗ് ലീഡേഴ്സ് മീറ്റ് സംഘടിപ്പിച്ചു

ചിക്കാഗോ: ക്നാനായ റീജിയണിൽ ചെറുപുഷ്പ മിഷൻ ലീഗ് ഫൊറോനാ ലീഡേഴ്സ് മീറ്റ് സംഘടിപ്പിച്ചു. നോർത്ത് അമേരിക്കയിലെ ക്നാനായ കാത്തലിക് റീജിയണിറെ കീഴിലുള്ള ന്യൂ യോർക്ക്, റ്റാമ്പാ, ഹൂസ്റ്റൺ, ചിക്കാഗോ, സാൻ ഹുസേ തുടങ്ങിയ ഫൊറോനകളിൽ നിന്നുമുള്ള മിഷൻ ലീഗ് ഫൊറോനാ ഭാരവാഹികൾ പരിപാടിയിൽ പങ്കുചേർന്നു. മിഷൻ ലീഗിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും പുതിയ റീജിയണൽ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

മിഷൻ ലീഗ് റീജിയണൽ ഡയറക്ടർ ഫാ. ബിൻസ് ചേത്തലിൽ, അന്തർദേശീയ റീജിയണൽ ഓർഗനൈസർ സിജോയ് പറപ്പള്ളിൽ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി സംസാരിച്ചു.



മിഷൻ ലീഗ് ക്നാനായ റീജിയണൽ ഭാരവാഹികൾ

ചിക്കാഗോ: ചെറുപുഷ്പ മിഷൻ ലീഗിന്റെ അമേരിക്കയിലെ ക്നാനായ റീജിയണൽ ഭാരവാഹികളെ തിരഞ്ഞെടുത്തു.
രേഹൻ വില്ലൂത്തറ ലോസ് ആഞ്ചലസ് (പ്രസിഡന്റ്), ജൂലിയാൻ നടക്കുഴക്കൽ സാൻ ഹൊസെ (വൈസ് പ്രസിഡന്റ്), സെറീന കണ്ണച്ചാംപറമ്പിൽ ഡിട്രോയിറ്റ് (സെക്രട്ടറി), ഹന്നാ ഓട്ടപ്പള്ളി ചിക്കാഗോ (ജോയിൻറ് സെക്രട്ടറി) എന്നിവരാണ് പുതിയ ഭാരവാഹികൾ. മാർക് പാറ്റിയാലിൽ ന്യൂയോർക്ക്, ജീവാ കട്ടപ്പുറം സാൻ അന്തോണിയോ, ജയ്ഡൻ മങ്ങാട്ട് ഹൂസ്റ്റൺ, ജോർജ് പൂഴിക്കുന്നേൽ റ്റാമ്പാ എന്നിവരെ എക്സിക്യൂട്ടീവ് അംഗങ്ങളായും തിരഞ്ഞെടുത്തു. ക്നാനായ റീജിയണിലെ അഞ്ചു ഫൊറോനകളുടെ ഭാരവാഹികളുടെ മീറ്റിങ്ങിലാണ് റീജിയണൽ ഭാരവാഹികളെ തിരഞ്ഞെടുത്തത്.

ഫാ. ബിൻസ് ചേത്തലിൽ (ഡയറക്ടർ), ഫാ. ജോബി പൂച്ചുകാട്ടിൽ (അസിറ്റന്റ് ഡയറക്ടർ), സിസ്റ്റർ സാന്ദ്രാ എസ്.വി.എം (ജോയിന്റ് ഡയറക്ടർ), സിജോയ് പറപ്പള്ളിൽ (ജനറൽ ഓർഗനൈസർ), സുജ ഇത്തിത്തറ, ഷീബാ താന്നിച്ചുവട്ടിൽ, ജോഫീസ് മെത്താനത്ത്, അനിതാ വില്ലൂത്തറ (ഓർഗനൈസർമാർ) എന്നിവരാണ് മറ്റു റീജിയണൽ എക്സിക്യൂട്ടീവ് അംഗങ്ങൾ.

CHERUPUSHPA MISSION LEAGUE

Knanaya Region | USA

Regional Executive Team



Fr Bins Chethalil
Director



Fr Joby Pouchakandathil
Assistant Director



Sr Sandra SVM
Vice Director



Cijoy Parappallil
General Organizer



Suja Ethithara
Organizer



Sheeba Thannichuvattil
Organizer




Jopies Methanathu
Organizer



Anita Villoothara
Organizer



Rehan Villoothara
President




Juliann Nadakuzhackal
Vice President




Serena Kannachanparambil
Secretary



Hannah Ottapally
Joint Secretary



Mark Pattiyalil
Executive Member



Jeeva Kattapuram
Executive Member



Jayden Mangattu
Executive Member



George Poozhikunnel
Executive Member

KNANAYA CATHOLIC REGION VOCATION COMMISSION OF NORTH AMERICA

VOCATION DISCERNMENT WEEKEND. WE WILL BE HAVING OUR ANNUAL DISCERNMENT PROGRAM IN THE MONTH OF JULY FROM 26-28, 2024. FROM MORE INFORMATION CONTACT YOUR PASTOR.





VOCATION PROMOTION SUNDAY. WE ENCOURAGE ALL PARISHES TO HOST A VOCATION PROMOTION DAY WHERE WE CAN COMMUNICATE TO OUR YOUNGSTERS ABOUT THE IMPORTANCE OF DISCERNNG OUR VOCATION.